1. മേലടി
2. കീഴൂർ
3. തുറയൂർ
4. പയ്യോളി
5. തോലേരി
6. അയിരിക്കാട്
7. ഇരിങ്ങൽ
8. ബീച്ച്
9. കോട്ടക്കടവ്
10. കൊളവിപ്പാലം

അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി

102 (269) ശ്രീ. ടി. എം. ജേക്കബ്:
ശ്രീ. ആർ. ബാലകൃഷ്ണപിള്ള:
ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി കൊണ്ട് വന്നിട്ടുണ്ട്.

(ബി) ഈ ഇടപാടിൽ സംസ്ഥാന വൈദ്യുതി ബോർഡിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവന്ന ശേഷവും എന്തുകൊണ്ടാണ് കേരളത്തിൽ ലോഡ്ഷെഡ്ഡിംഗ് തുടരുന്നത് എന്നു വ്യക്തമാക്കുമോ; ലോഡ്ഷെഡ്ഡിംഗ് എന്നത്തേയ്ക്ക് അവസാനിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) തമിഴ്നാട്ടിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ട്.

(ബി) & (സി) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിയും, കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയും, മറ്റു സംസ്ഥാനങ്ങളിൽ നിന്നു ലഭിക്കുന്ന വൈദ്യുതിയും ചേർത്താണ് വിതരണം നടത്തുന്നത്. ആയതിനാൽ മറ്റു സംസ്ഥാനത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ ലാഭനഷ്ടം കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പീക്ക് ലോഡ് സമയത്ത് ആവശ്യമായ വൈദ്യുതി പ്രേഷണം ചെയ്യത്തക്കവിധം ഉപകരണങ്ങൾക്കും, ലൈനുകൾക്കും ശേഷി ഇല്ലാത്തതു മൂലമാണ് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വരുന്നത്. ഉപകരണങ്ങളും, ലൈനുകളും, പീക്ക്-ലോഡ് സമയത്തെ വൈദ്യുതി വഹിക്കത്തക്ക വണ്ണം ശേഷി വർദ്ധിപ്പിക്കൽ, പുതിയ അഞ്ച് സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കൽ മുതലായ ജോലികൾ നടന്നു വരുന്നു. ഇവ പൂർത്തിയാകുന്നതോടെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാവുന്നതാണ്.

കനേഡിയൻ ഉദ്യോഗസ്ഥരുടെ ആവശ്യത്തിന് വീട്ടുപകരണങ്ങൾ വാങ്ങിയ നടപടി

103 (270) ശ്രീ. എ. കെ .മണി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുതി പദ്ധതികളുടെ പുനരുദ്ധാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കനേഡിയൻ ഉദ്യോഗസ്ഥർക്ക് കെ.എസ്.ഇ.ബി.യിൽ നിന്നും ഫർണിച്ചർ മുതലായ വീട്ടുപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തു തുക ചെലവായി എന്നു പറയുമോ;

(സി) ഇതു സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5,21,262.45 രൂപയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

(സി) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, ജല വൈദ്യുതി പദ്ധതികളുടെ പുനരുദ്ധാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കനേഡിയൻ ഉദ്യോഗസ്ഥർക്ക് കരാറിൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ചുമതല വൈദ്യുതി ബോർഡിനുണ്ട്. വാങ്ങിയ സാധനങ്ങൾ കരാറിൻപ്രകാരമാണോ വാങ്ങിയതെന്ന് പരിശോധിച്ചതിനു ശേഷമാണ് തുക നല്കുന്നത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

കെ.എസ്.ഇ.ബി.യിൽ എഞ്ചിനീയർമാരുടെ പുതിയ തസ്തികകൾ

104 (271) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പുന:സംഘടനയുടെ പേരിൽ 1998 നവംബർ 1-ന് ശേഷം ഇലക്ട്രിക്കൽ വിഭാഗത്തിൽ പുതിയ എത്ര ചീഫ് എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി;

LIBRARY ARCHIVES Kerala Legislative Assembly